# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൈപ്പമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.ടി.എസ്.ആർ (പി 7) 1516/2021 തീയതി. 11.02.2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 01/04/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൈപ്പമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.ടി.എസ്.ആർ (പി 7) തീയ്യതി: 01/04/2022
1516/2021 തീയതി. 11.02.2022

## തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-07-2019 മുതൽ 03-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 58 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 18-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-10-2021 | 18-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ശിവൻ.പി.എ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി. സീനത്ത്.പി.എ, ഓഡിറ്റ് ഓഫീസർ
ശ്രീ. നിർമ്മൽ.കെ.ജി, ഓഡിറ്റ് ഓഫീസർ
ശ്രീ. ജോമോൻ.ഇ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സിജോ തോമസ്, ഓഡിറ്റർ
ശ്രീമതി. ബിന്ദു.കെ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സുരേഷ് ബാബു.ടി.വി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| (അഡ്മിനിസ്റ്റേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 22-11-2020 |
| ശോഭന രവി | പ്രസിഡന്റ് | 23-11-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കെ.ബി.മുഹമ്മദ്ദ് റഫീക്ക് | സെക്രട്ടറി | 01-04-2020 | 10-11-2020 |
| സുഹാസ്.സി.എം | സെക്രട്ടറി(ഇൻ ചാർജ്) | 11-11-2020 | 06-12-2020 |
| കെ.ബി.മുഹമ്മദ്ദ് റഫീക്ക് | സെക്രട്ടറി | 07-12-2020 | 05-03-2021 |
| സുഹാസ്.സി.എം | സെക്രട്ടറി(ഇൻ ചാർജ്) | 06-03-2021 | 31-03-2021 |
| ഓമന.സി.വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ബീന ബായി | ഹെഡ്മിസ്ട്രസ് | 01-04-2020 | 30-04-2020 |
| മിനി ഗോപാൽ | ഹെഡ്മിസ്ട്രസ് | 01-05-2020 | 31-03-2021 |
| സുഹാസ്.സി.എം | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഗോകുൽ.ഇ.ബി | വി.ഇ ഒ. കൈപ്പമംഗലം | 01-04-2020 | 31-03-2021 |
| ആശ | വി.ഇ ഒ. കൂരിക്കുഴി | 01-04-2020 | 31-03-2021 |
| സുമേഷ്.എസ്.ആർ | വി.ഇ ഒ. ചളിങ്ങാട് | 01-04-2020 | 05-11-2020 |
| ഗോകുൽ.ഇ.ബി | വി.ഇ ഒ. ചളിങ്ങാട്(അധിക ചാർജ്) | 06-11-2020 | 31-03-2021 |
| ജീന | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 19-06-2020 |
| ഒഴിവ് | ഫിഷറീസ് ഇൻസ്പെക്ടർ | 20-06-2020 | 13-09-2020 |
| അൻസിൽ.പി.എം | ഫിഷറീസ് ഇൻസ്പെക്ടർ | 14-09-2020 | 31-03-2021 |

| | | | |
|---|---|---|---|
| റുബീന.സി.എം | കൃഷി ഓഫീസർ | 01-04-2020 | 20-04-2020 |
| ശാന്തി | കൃഷി ഓഫീസർ | 21-04-2020 | 22-02-2021 |
| റുബീന.സി.എം | കൃഷി ഓഫീസർ | 23-02-2021 | 26-02-2021 |
| ശ്രീജിത്ത് കുമാർ | കൃഷി ഓഫീസർ | 27-02-2021 | 31-03-2021 |
| മുഹമ്മദ്ദ് റഫീക്ക് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2020 | 31-03-2021 |
| അന്ന ബേബി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2020 | 31-03-2021 |
| സമീറ | അസി.എഞ്ചിനീയർ | 01-04-2020 | 17-02-2021 |
| ഒഴിവ് | അസി.എഞ്ചിനീയർ | 18-02-2021 | 18-02-2021 |
| സോന.ഒ.ടി | അസി.എഞ്ചിനീയർ | 19-02-2021 | 31-03-2021 |
| ജിജേന്ദ്രകുമാർ.കെ.ബി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| പ്രശാന്ത്.ഇ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| സിന്ധു.എ.എൽ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 16-02-2021 |
| സുമയ്യ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 17-02-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: P.A.Seenath (Audit Officer, On 16-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P.A.Seenath (Audit Officer, On 16-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: P.A.Seenath (Audit Officer, On 16-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.A.Seenath (Audit Officer, On 16-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 31-03-2022) | 1-5 |
| 6 | ക്ഷേമ പെൻഷനുകൾ<br>Written By: P.A.Seenath (Audit Officer, On 16-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-6 |
| 7 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Sijo Thomas (Auditor, On 19-10-2021)<br>Last Updated By: P.A.Seenath (Audit Officer, On 31-10-2021) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.A.Seenath (Audit Officer, On 04-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: P.A.Seenath (Audit Officer, On 17-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-11 |
| 12 | വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: P.A.Seenath (Audit Officer, On 17-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-12 |
| 13 | വസ്തുനികുതി റെസിഡൻഷ്യൽ (കുടിശ്ശിക)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: P.A.Seenath (Audit Officer, On 17-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-13 |
| 14 | വസ്തുനികുതി -നോൺ റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: P.A.Seenath (Audit Officer, On 17-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-14 |
| 15 | വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-15 |

| | | |
|---|---|---|
| | Written By: P.A.Seenath (Audit Officer, On 17-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | |
| 16 | ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: P.A.Seenath (Audit Officer, On 17-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-16 |
| 17 | വസ്തുനികുതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല<br>Written By: P.A.Seenath (Audit Officer, On 17-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-17 |
| 18 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: P.A.Seenath (Audit Officer, On 17-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-18 |
| 19 | തൊഴിലുറപ്പ് പദ്ധതി ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: P.A.Seenath (Audit Officer, On 05-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-19 |
| 20 | വായ്പ തിരിച്ചടവ് -RP-32 ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 05-11-2021)<br>Last Updated By: Sijo Thomas (Auditor, On 04-03-2022) | 1-20 |
| 21 | " Directly Debited By Bank" ൽ ഉൾപ്പെടുത്തിയത് ഉചിതമായ ശീർഷകത്തിൽ രേഖപ്പെടുത്തേണ്ടതാണ്<br>Written By: P.A.Seenath (Audit Officer, On 05-11-2021)<br>Last Updated By: Sijo Thomas (Auditor, On 04-03-2022) | 1-21 |
| 22 | വർക്ക്ഷീറ്റ് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.<br>Written By: P.A.Seenath (Audit Officer, On 05-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-22 |
| 23 | വാടകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 05-11-2021)<br>Last Updated By: P.A.Seenath (Audit Officer, On 05-11-2021) | 1-23 |
| 24 | റേഷൻ കട,കള്ള് ഷാപ്പ്,ക്ഷീര സഹകരണ സംഘം - ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Sijo Thomas (Auditor, On 26-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-24 |
| 25 | ട്രേഡേഴ്സ് ലിസ്റ്റും, ഡി&ഒ ലൈസൻസ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Sijo Thomas (Auditor, On 26-10-2021)<br>Last Updated By: Sijo Thomas (Auditor, On 04-03-2022) | 1-25 |
| 26 | തൊഴിൽ നികുതി അപാകതകൾ<br>Written By: Sijo Thomas (Auditor, On 22-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-26 |
| 27 | ഷോപ്പിങ് കോംപ്ലക്സ് - വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല<br>Written By: Sijo Thomas (Auditor, On 26-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-27 |
| 28 | ബൈലോയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ല<br>Written By: Sijo Thomas (Auditor, On 26-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-28 |
| 29 | ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഫാമുകൾ<br>Written By: Sijo Thomas (Auditor, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-29 |
| 30 | പൊതു ജനങ്ങൾക്ക് ശല്യമായി അനധികൃതമായി പ്രവർത്തിക്കുന്ന കോഴി ഫാം<br>Written By: Sijo Thomas (Auditor, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 31-03-2022) | 1-30 |
| 31 | ലൈസൻസ് ഇല്ലാതെ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Sijo Thomas (Auditor, On 26-10-2021) | 1-31 |

| | | |
|---|---|---|
| | Last Updated By: Sijo Thomas (Auditor, On 04-03-2022) | |
| 32 | പൊതുടാപ്പുകൾ സംയുക്ത പരിശോധന നടത്തിയിട്ടില്ല.<br>Written By: Jomon E K (Asst. Audit Officer, On 28-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-32 |
| 33 | ലോഗ് ബുക്ക് പരിപാലനം-അപാകതകൾ<br>Written By: Jomon E K (Asst. Audit Officer, On 28-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-33 |
| 34 | ലീഗൽ ചാർജ്ജസ്- സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Jomon E K (Asst. Audit Officer, On 28-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-34 |
| 35 | സ്റ്റാമ്പ് വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 05-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-35 |
| 36 | മഴക്കാല പൂർവ്വ ശുചീകരണം-ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 31-10-2021)<br>Last Updated By: Sijo Thomas (Auditor, On 04-03-2022) | 1-36 |
| 37 | എസ്.എസ്.എ. വിഹിതമിനത്തിൽ നൽകിയ തുകയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല.<br>Written By: P.A.Seenath (Audit Officer, On 31-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 31-03-2022) | 1-37 |
| 38 | പോത്ത് കുട്ടി വളർത്തൽ - പദ്ധതി നടത്തിപ്പിൽ പോരായ്മകൾ.<br>Written By: Jomon E K (Asst. Audit Officer, On 28-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 21-03-2022) | 1-38 |
| 39 | വിനിയോഗവിവരം ഹാജരാക്കിയിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 31-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 25-03-2022) | 1-39 |
| 40 | കുഴിച്ചെടുത്ത മണ്ണ് ഫില്ലിങിനായി ഉപയോഗിച്ചില്ല, നഷ്ടം 12873 രൂപ<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 25-03-2022) | 1-40 |
| 41 | കരാറുകാരൻ കരാറിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 25-03-2022) | 1-41 |
| 42 | കുഴിച്ചെടുത്ത മണ്ണ് എന്ത് ചെയ്തു എന്ന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 31-03-2022) | 1-42 |
| 43 | പഞ്ചായത്തിന് ലഭിക്കുന്ന സേവനങ്ങൾക്ക് നിയമവിരുദ്ധമായി ജി.എസ്.ടി നൽകി-25631/-തടസ്സപ്പെടുത്തുന്നു<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 25-03-2022) | 1-43 |
| 44 | ജലരക്ഷ ജീവരക്ഷ പ്രൊജക്റ്റ്-കുഴിച്ചെടുത്ത മണ്ണിന്റെ അളവ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്താത്തതും തുടർനടപടിക്ക് ശുപാർശ ചെയ്യാത്തതും ശരിയായ നടപടിയല്ല.<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 31-03-2022) | 1-44 |
| 45 | പ്രൈസ് സോഫ്റ്റ് വെയറിൽ അധിക ഓവർഹെഡ് ചാർജ് തയ്യാറാക്കുന്നതുമൂലം അധികച്ചെലവ്<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 25-03-2022) | 1-45 |
| 46 | കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 25-03-2022) | 1-46 |
| 47 | ചമച്ചിട്ടുള്ള കരാറുകൾ കാലികമല്ല | 1-47 |

| | | |
|---|---|---|
| | Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 25-03-2022) | |
| 48 | മോണിറ്ററിങ് റിപ്പോർട്ട് ഫയലിലില്ല, വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടത്തിയതായി രേഖപ്പെടുത്തലുകളില്ല<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 25-03-2022) | 1-48 |
| 49 | പഞ്ചായത്ത് കുളങ്ങര റോഡ് റിനൊവേഷൻ-ഇന്റർലോക്കിങ് കട്ട വിരിച്ചത് ഇളകുന്നു<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 25-03-2022) | 1-49 |
| 50 | തൊഴിലുറപ്പുപദ്ധതി-പ്രവർത്തനവിവരം<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 25-03-2022) | 1-50 |
| 51 | മരാമത്ത് പദ്ധതി പ്രവർത്തനവും പദ്ധതിച്ചെലവും<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 25-03-2022) | 1-51 |
| 52 | തൊഴിലുറപ്പുപദ്ധതി- പ്രവൃത്തികഴിഞ്ഞ് ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥൻ മസ്റ്റർ റോൾ കൈപ്പറ്റിയ വിവരം സാക്ഷ്യപ്പെടുത്തിയിട്ടില്ല.<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 25-03-2022) | 1-52 |
| 53 | വർക്കിങ് ഗ്രൂപ്പ് മിനിറ്റ്സ് ഹാജരാക്കിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 25-03-2022) | 1-53 |
| 54 | അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ് .<br>Written By: Nirmal K G (Audit Officer, On 04-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 25-03-2022) | 1-54 |
| 55 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം:-അപാകത<br>Written By: Nirmal K G (Audit Officer, On 04-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 25-03-2022) | 1-55 |
| 56 | വി.ഇ.ഒ.കൈപ്പമംഗലം (സർക്കിൾ) നടപ്പിലാക്കിയ പദ്ധതികൾ:- അപാകതകൾ<br>Written By: Nirmal K G (Audit Officer, On 04-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 25-03-2022) | 1-56 |
| 57 | വി.ഇ.ഒ.കൂരിക്കുഴി (സർക്കിൾ) നടപ്പിലാക്കിയ പദ്ധതികൾ:-അപാകതകൾ<br>Written By: Nirmal K G (Audit Officer, On 04-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 25-03-2022) | 1-57 |
| 58 | ജൽ ജീവൻ പദ്ധതി -പൂർത്തീകരണവിവരം ലഭ്യമല്ല.<br>Written By: P.A.Seenath (Audit Officer, On 31-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 25-03-2022) | 1-58 |
| 59 | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് വർക്ക് -പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 05-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 25-03-2022) | 1-59 |
| 60 | ജി.എസ്.ടി (TDS) ഈടാക്കിയിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 05-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 25-03-2022) | 1-60 |
| 61 | തൊഴിലുറപ്പുപദ്ധതി-രേഖകൾ കുറ്റമറ്റ രീതിയിൽ പരിപാലിക്കേണ്ടതാണ്<br>Written By: P.A.Sivan (Audit Officer, On 06-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 25-03-2022) | 1-61 |

ഭാഗം **2**

--- No Records Found ---

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | കുഴിച്ചെടുത്ത മണ്ണ് ഫില്ലിങിനായി ഉപയോഗിച്ചില്ല, നഷ്ടം 12873 രൂപ<br>Written By: P.A.Sivan (Audit Officer, On 06-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 25-03-2022) | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.A.Seenath (Audit Officer, On 10-10-2021)<br>Last Updated By: P.A.Pravida (Audit Officer, On 05-03-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.A.Seenath (Audit Officer, On 10-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 25-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P.A.Seenath (Audit Officer, On 10-10-2021)<br>Last Updated By: P.A.Seenath (Audit Officer, On 10-10-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: P.A.Seenath (Audit Officer, On 01-11-2021)<br>Last Updated By: P.A.Pravida (Audit Officer, On 05-03-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: P.A.Seenath (Audit Officer, On 10-10-2021)<br>Last Updated By: P.A.Seenath (Audit Officer, On 10-10-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.A.Seenath (Audit Officer, On 10-10-2021)<br>Last Updated By: P.A.Seenath (Audit Officer, On 01-11-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P.A.Seenath (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-11-2021) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: P.A.Seenath (Audit Officer, On 01-11-2021)<br>Last Updated By: P.A.Seenath (Audit Officer, On 01-11-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.A.Seenath (Audit Officer, On 10-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-04-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P.A.Seenath (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 31-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം/നമ്പർ | പ്രതീക്ഷിത വരുമാനം | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 17-02-2021 | 1 | 248175014 | 243345124 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരുമാനം | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 25-2-2020 | 1 | 260507009 | 243345124 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 28-04-2021 |

### 1-3 സാമ്പത്തിക വിശകലനം

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 24484775 |
| ഓഡിറ്റ് വർഷത്തെ വരവ് | 89037853 |
| ആകെ | 113522628 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 94646712 |
| നീക്കിയിരിപ്പ് | 18875916 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 21395404 | 21395404 | 16818343 | 4577061 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 9713353 | 9713353 | 5128997 | 4584356 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied) | 0 | 12073523 | 12073523 | 9818014 | 2255509 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 4885086 | 4885086 | 4885086 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 14711000 | 14711000 | 12972473 | 1738527 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 199 | 110667325 | 105 | 65855472 | 20 | 74 | 51.76% |

### 1-6 ക്ഷേമ പെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 3936600 | 1596 |
| വിധവാ പെൻഷൻ | 22929100 | 9099 |
| വാർദ്ധക്യകാലപെൻഷൻ | 39017700 | 16159 |
| വികലാംഗ പെൻഷൻ | 6711500 | 2658 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 918300 | 355 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000 | 6 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-10-2021 തീയതിയിൽ 3:00 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,06,425/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7095 | 930269 | 937364 | 934283 | 3081 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 20268183 | 20268183 | 20268183 | - |

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഓർഡർ പ്രകാരം ജീവനക്കാർക്ക് കൃത്യമായ ജോലിവിഭജനം നടത്തിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകളിൽ നിർവഹണോദ്യഗസ്ഥരുടെ പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതായി കാണുന്നില്ല. മീറ്റിംഗ് മിനിറ്റ്സുകൾ ആധികാരികമാക്കി സൂക്ഷിക്കുന്നുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ സ.ഉ(അ)നം.80/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. പ്രസ്തുത ഭേദഗതി പ്രകാരം ഉല്പാദന മേഖലയിൽ 25 ലക്ഷം രൂപയിൽ കൂടാത്തതും, സേവന മേഖലയിൽ 10 ലക്ഷം രൂപയിൽ കൂടാത്തതുമായ സ്ഥാപനങ്ങളെ മൈക്രോ എന്റർപ്രൈസസ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് 500 രൂപയായി നിശ്ചയിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്ത് ടി ഉത്തരവ് പാലിക്കാതെ മൈക്രോ എന്റർപ്രൈസസ് സ്ഥാപനങ്ങൾക്ക് 200 രൂപ മാത്രമാണ് വാർഷിക ലൈസൻസ് ഫീസ് ഈടാക്കുന്നത്. ഈ പ്രക്രിയ മൂലം ലൈസൻസ് ഫീസ് ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. ആയതിനാൽ ഇത് ഒഴിവാക്കുവാൻ സർക്കാർ ഉത്തരവ് പാലിക്കുവാനും, സർക്കാർ നിശ്ചയിച്ച ഫീസ് ഈടാക്കുവാനും അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | ഓഡിറ്റ് നടന്ന തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ചതിന്റെ വിവരം |
|---|---|---|---|
| പെർഫോർമെൻസ് ഓഡിറ്റ് | 23/11/2020 | 1/20-3/20 | 12.03.21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17/11/2003 മുതൽ 03/12/2003 വരെ | 1997-98 മുതൽ 2002-03 | റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. (തിയ്യതി.24.03.2014) |

## 1-11 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ്

അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-12 വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3655339 | 3490690 | 23550 | 148808 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3655339 | 3484140 | 31651 | *148974 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(156423/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 156423/-രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 7449/- (156423/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 23024/-രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി റെസിഡൻഷ്യൽ (കുടിശ്ശിക)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 88769 | 56678 | 32285 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *57463 | 56678 | **32333 |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ((23638+36698)/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (33950/105X100)=32333.33, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-14 വസ്തുനികുതി -നോൺ റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2271397 | 2128805 | 31806 | 114176 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2271397 | 2127306 | 44682 | *114213 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104- Advance Collection- PT On NR Bldg-ന്റെ ലെഡ്ജർ) | *(119924/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-15 വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 279793 | 148441 | 131370 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 237789 | 148441 | 132032 |
| | (2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(185208+64471=249679/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(138634/105X100)= 132032.38 ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-16 ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 186102 | 4688 | | 177393 | 2894 | | 1238 | 0 | 1665 | 7615 | |
| | നോൺ-റെസി | 116893 | 14740 | | 107449 | 7458 | | 1616 | 0 | 5748 | 7264 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഡൻ ഷ്യൽ | | | | | | |
| | ആകെ | | 326731 | 301953 | 0 | | 22292 |
| | | 26913 | 301951 | | | 0 | 23024 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 – State Govt . Cess/levies...... ലെഡ്ജർ 2020-21) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | (431910101- State Govt. Cess/levies. ..... ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-17 വസ്തുനികുതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിൽ പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. (രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ എണ്ണം കണക്കാൻ സാധിച്ചില്ല.) എന്നാൽ 2020-21 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-18 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ സ്ഥിരാസ്തികളുടെ മൂല്യം പ്രതിഫലിക്കുന്നില്ല. ഉദാഹരണം റോഡുകളുടെ മൂല്യം നിർണയിക്കുന്ന കാര്യത്തിൽ 1995 മുതൽക്കുള്ള നിർമാണച്ചെലവ്, അറ്റകുറ്റപ്പണിക്ക് വേണ്ടി വന്ന ചെലവ്, വാർഡ് നം, തേയ്മാനം എന്നിവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

സ്ഥിരാസ്തികളുടെ മൂല്യത്തിന്റെ ആധികാരികത നിർണയിക്കുന്നതിന്റെ സാധുത ഉറപ്പുവരുത്തുന്നത് ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണ്. ആയതിനാൽ ആസ്തി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ത്വരിതമാക്കേണ്ടതാണ്.

## 1-19 തൊഴിലുറപ്പ് പദ്ധതി ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

തൊഴിലുറപ്പ് പദ്ധതി പ്രകാരം തൻവർഷം ഭരണചെലവ് ക്യാഷ് ബുക്ക് പ്രകാരം 1162269/- രൂപയും, വാർഷിക കണക്ക് പ്രകാരം 934283/- രൂപയുമാണ്.

## 1-20 വായ്പ തിരിച്ചടവ് -RP-32 ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടില്ല.

വായ്പയിനത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന 1000975/ രൂപ തൻവർഷം അടവാക്കിയിട്ടുണ്ട്. എന്നാൽ RP-32 ൽ ടി തുക ഉൾപ്പെട്ടതായി കാണുന്നില്ല.

## 1-21 " Directly Debited By Bank" ൽ ഉൾപ്പെടുത്തിയത് ഉചിതമായ ശീർഷകത്തിൽ രേഖപ്പെടുത്തേണ്ടതാണ്

"Directly Credited By Bank" എന്ന ഇനത്തിൽ 1007/-രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

BANK A/C.NO.450220101, KERALA GRAMIN BANK

| തീയ്യതി | തുക |
|---|---|
| 13.11.2016 | 1 |
| 17.11.2016 | 500 |
| 17.11.2016 | 500 |
| 24.04.2017 | .50 |
| 24.04.2017 | .50 |
| 08.12.2017 | 5 |
| ആകെ | 1007 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2020-21 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

## 1-22 വർക്ക്ഷീറ്റ് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-23 വാടകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

വാടകയിനത്തിൽ തൻവർഷം 550437/- രൂപ കുടിശ്ശികയുണ്ട്. എന്നാൽ ആയതിന് തൻവർഷം പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-24 റേഷൻ കട,കള്ള് ഷാപ്പ്,ക്ഷീര സഹകരണ സംഘം - ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം റേഷൻ കട, ക്രമ നം.139 പ്രകാരം കള്ള് ഷാപ്പ്, ക്രമ നം.132 പ്രകാരം ക്ഷീര സഹകരണ സംഘം എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ 2020-21 സാമ്പത്തികവർഷത്തിൽ അപേക്ഷകർ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും D&O ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ആയതിൽ റേഷൻ കടകളും, കള്ളുഷാപ്പുകളും, ക്ഷീര സഹകരണ സംഘങ്ങളും ഉൾപ്പെട്ടിരുന്നില്ല. ആയതിനാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആകെ എത്ര റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, സഹകരണ സംഘങ്ങൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്, ആയവക്ക് 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ പ്രവർത്തിക്കാൻ ലൈസൻസ് നൽകിയിട്ടുണ്ടോയെന്നും ഈ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും, ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ടോയെന്നും എന്നത് സംബന്ധിച്ച് 13/10/2021 ലെ ഓഡിറ്റ് എൻക്വയറി നം.28/19-20,20-21 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ആയതിന് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ, സഹകരണ സംഘങ്ങൾ തുടങ്ങിയവക്ക് ലൈസൻസ് എടുപ്പിക്കുന്നതിനായി ഫീൽഡ്തല സന്ദർശനം നടത്തി നോട്ടീസ് നൽകുന്നതിനും, തൊഴിൽ നികുതി ഈടാക്കുന്നതിനും ഉടനടി നടപടികൾ സ്വീകരിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-25 ട്രേഡേഴ്സ് ലിസ്റ്റും, ഡി&ഒ ലൈസൻസ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

2020-21 സാമ്പത്തിക വർഷത്തെ D&O രജിസ്റ്ററും, ട്രേഡേഴ്സ് ലിസ്റ്റും ഒത്തുനോക്കിയപ്പോൾ ട്രേഡേഴ്സിന്റെ ആകെ എണ്ണവും പ്രസ്തുത സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും D&O ലൈസൻസ് എടുത്തവരുടെ എണ്ണവും പൊരുത്തപ്പെടുന്നില്ല എന്ന് കാണുന്നു.

| ക്രമ നം. | സാമ്പത്തിക വർഷം | ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള എണ്ണം | ഡി&ഒ ലൈസൻസ് എടുത്തവർ | ലൈസൻസ് ഇല്ലാത്തവർ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | 2020-21 | 475 | 368 | 107 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.49/19-20, 20-21 തീയതി:18.10.2021) നിലവിൽ പ്രവർത്തിച്ചിരുന്നവർ കോവിഡും, പ്രളയവും മൂലം കച്ചവടം നിർത്തുകയും, ഗ്രാമപഞ്ചായത്തിൽ ബൈപ്പാസ് കടന്ന പോകുന്നതിന്റെ ഭാഗമായി സ്ഥലം ഏറ്റെടുപ്പ് നടക്കുന്നതിനാൽ പലർക്കും വാടക കരാർ ലഭിക്കാത്തതും, കെട്ടിടം ഒഴിഞ്ഞു പോകുന്നത് കാരണം ലൈസൻസ് എടുക്കാൻ സാധിക്കാതെയും വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ അടിയന്തരമായി വാർഡുകളിൽ ഫീൽഡ് തല സന്ദർശനം നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി എല്ലാവർക്കും D&O ലൈസൻസ് എടുക്കുന്നതിന്ന വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

## 1-26 തൊഴിൽ നികുതി അപാകതകൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. ( കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

I. തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനം ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം | അർദ്ധപാദം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1. | HIRA PUBLIC SCHOOL | 2020-21 | I,II | 36 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.26/19-20,20-21 തീയതി:13.10.2021) പ്രസ്തുത സ്ഥാപനത്തിൽ നിന്നും തുക ഈടാക്കുവാനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

II. 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും, സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | സ്മാർട്ട് ഫ്യൂവൽസ് | 4 |
| 2. | മശ്രിഖ് ഗ്രിൽ റസ്റ്ററന്റ് | 7 |
| 3. | അലയൻസ് വാട്ടർ സൊല്യൂഷൻസ് | 5 |
| 4. | മൗലാന ഹോട്ടൽ | 5 |
| 5. | ഫ്ലോർ ടച്ച് | 3 |
| 6. | J J ട്രേഡേഴ്സ് | 8 |
| 7. | K3 ട്രേഡിംഗ് | 4 |
| 8. | സോന ബ്രിക്ക്സ് | 4 |
| 9. | MMR ഇൻഡസ്ട്രീസ് | 5 |
| 10. | ആവണി നീതി ടെക്സ്റ്റയിൽസ് | 4 |
| 11. | കാർത്തിക് സൂപ്പർമാർക്കറ്റ് | 4 |
| 12. | ബാദുഷ കോൺട്രാക്റ്റിംഗ് | 4 |
| 13. | അയിരൂർ IR.8 SHG GROUP | 20 |
| 14. | ആയുർവേദ ലിവിങ് വില്ലേജ് | 3 |
| 15. | ഭാരത് ട്രേഡേഴ്സ് | 4 |
| 16. | മൂന്നുപീടിക ഫ്യൂവൽസ് | 12 |
| 17. | SOLID STEELS & BUILDING MATERIALS | 3 |
| 18. | P.K മുഹമ്മദാലി & സൺസ് | 15 |
| 19. | ORIX DEVELOPMENT & CONSTRUCTION COMPANY | 4 |
| 20. | BRITONA ENTERPRISES | 3 |
| 21. | KING OF THE GRILLS | 4 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.27/20-21 തീയതി:13.10.2021) ലൈസൻസ് എടുത്ത് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിന്ന വേണ്ടിയുള്ള നടപടികൾ ഉടനടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ

അറിയിക്കേണ്ടതാണ്.

## 1-27 ഷോപ്പിങ് കോംപ്ലക്സ് - വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

വാടക രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ പറയുന്ന വ്യക്തികൾ 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് വാടകയിൽ കുടിശ്ശിക വരുത്തിയതായി കാണുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം. | കാലയളവ് | വാടക കുടിശ്ശിക |
|---|---|---|---|---|
| 1. | AE, KSEB | 4/108 | | 192 |
| 2. | അനിൽ കുമാർ ഐരാട്ട് | 11/301.H | (2019-20 ഫെബ്രുവരി-മാർച്ച്) (2020-21ഏപ്രിൽ -മാർച്ച്) | 223020 |
| 3. | സിനിത | 11/301.M | (2020-21 ഓഗസ്റ്റ്-മാർച്ച്) | 75600 |
| 4. | അബ്ദുൽ മജീദ് | 11/301.N | (2020-21 ഓഗസ്റ്റ്-മാർച്ച്) | 92400 |
| 5. | അബ്ദുൽ മജീദ് | 11/301.P | (2020-21 ഓഗസ്റ്റ്-മാർച്ച്) | 96600 |
| | | | ആകെ | 487812/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.48/20-21 തീയതി:18.10.2021) നം.11/301.H മുറി വാടകയ്ക്കെടുത്തിട്ടുള്ള ശ്രീ.അനിൽ കുമാർ ഐരാട്ട് വാടക കുടിശ്ശിക അടവാക്കാത്തതിനാൽ ടിയാന് റവന്യൂ റിക്കവറി നോട്ടീസ് നൽകി ആയതിന്റെ റിപ്പോർട്ട് ബഹു.ജില്ലാ കലക്ടർക്ക് കൈമാറിയിട്ടുണ്ട്. തുടർന്ന് ശ്രീ.അനിൽ കുമാർ ഐരാട്ട് പഞ്ചായത്തിനെതിരെ കേസ് നൽകുകയും, ആയതിന്റെ നടപടി തുടരുകയാണ്. മറ്റുള്ളവരിൽ നിന്നും വാടക കുടിശ്ശിക അടവാക്കുന്നതിന് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിച്ചു വരികയാണെന്നും മറുപടി തന്നിട്ടുണ്ട്.

## 1-28 ബൈലോയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ല

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ സർക്കാരിന്റെ അംഗീകാരം നേടിയതായി കാണുന്നില്ല. 2019-20 സാമ്പത്തിക വർഷത്തിൽ ലേലം നടത്തി റൂമുകൾ വാടകക്ക് നൽകുകയും, വാടക ഈടാക്കുകയും ചെയ്യുന്നുണ്ടെങ്കിലും ബൈലോയുടെ കരട് മാത്രമേ തയ്യാറാക്കിയിട്ടുള്ളൂ. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256 വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 3(5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം നേടേണ്ടതാണ്.

## 1-29 ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഫാമുകൾ

സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ കെട്ടിടങ്ങളുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും പരിശോധിച്ചതിൽ (ഫോറം 6) പഞ്ചായത്ത് പരിധിയിൽ ഫാമുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു. എന്നാൽ ലൈവ് സ്റ്റോക്ക് ഫാം രജിസ്റ്റർ പരിശോധിച്ചപ്പോൾ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ ഒരേ ഒരു ഫാമിന് മാത്രമാണ് ലൈസൻസ് നൽകിയിരിക്കുന്നത്.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം. | ഉപയോഗ ക്രമം |
|---|---|---|---|
| 1. | സലാം ബഷീർ ഇബ്രാഹിംകുട്ടി | 17/327A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - ലൈവ് സ്റ്റോക്ക് ഷെഡ് |
| 2. | തോമസ് ചാലിശ്ശേരി | 6/495C | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 3. | ശിവദാസ് | 6/24A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 4. | പദ്മാവതി മല്ലിക | 6/68A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 5. | സഫിയ | 8/490 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 6. | അംബിക | 16/368B | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - ലൈവ് സ്റ്റോക്ക് ഷെഡ് |

പട്ടികയിൽ പറഞ്ഞിരിക്കുന്ന ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിൽ 13.10.2021 ലെ ഓഡിറ്റ് അന്വേഷണം നം.34/20-21

പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ആയതിന് ആറ് കോഴി ഫാമുകൾക്ക് നമ്പർ അനുവദിച്ചിരുന്നുവെങ്കിലും അഞ്ച് ഫാമുകൾ മാത്രമാണ് പ്രവർത്തിച്ചിരുന്നതെന്നും, ഇവർ 2017-18 വരെ മുടങ്ങാതെ ലൈസൻസ് എടുത്തിരുന്നുവെന്നും, പ്രളയം, കോവിഡ് എന്നിവ മൂലം നാലെണ്ണം പ്രവർത്തനം നിർത്തി വെച്ചിരിക്കുകയാണെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ സഞ്ചയയിൽ പരിശോധിച്ചപ്പോൾ പ്രവർത്തനം നിർത്തി എന്ന് അവകാശപ്പെടുന്ന ഫാമുകളിൽ നിന്നെല്ലാം വസ്തു നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടുണ്ട്. കൂടാതെ ഈ ഫാമുകൾ പ്രവർത്തനം നിർത്തി എന്നതിന്റെ യാതൊരുവിധ രേഖകളും പഞ്ചായത്തിൽ ലഭ്യമല്ല. ആയതിനാൽ ടി ഫാമുകൾ നിലവിൽ പ്രവർത്തനം തുടരുന്നുണ്ടെങ്കിൽ അടിയന്തരമായി ലൈസൻസ് എടുപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 പൊതു ജനങ്ങൾക്ക് ശല്യമായി അനധികൃതമായി പ്രവർത്തിക്കുന്ന കോഴി ഫാം

A8/3017 നമ്പർ ഫയൽ പരിശോധിച്ചപ്പോൾ പൊതു ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ കൈപ്പമംഗലം പഞ്ചായത്തിലെ ആറാം വാർഡിൽ നാഷണൽ ഹൈവേക്ക് കിഴക്കുവശം ശ്രീ.തോമസ് ചാലിശ്ശേരി എന്ന വ്യക്തി അനധികൃതമായി അലാവുദീൻ ചിക്കൻ സെന്റർ എന്ന പേരിൽ ഒരു കോഴി ഫാം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടു. പരാതികൾ ഉയർന്നതിനെ തുടർന്ന് പ്രസ്തുത കോഴി ഫാമിൽ പരിശോധന നടത്തിയ പ്രൈമറി ഹെൽത്ത് ഇൻസ്പെക്ടർ ഫാമിന്റെ ചുറ്റവട്ടത്ത് താമസിക്കുന്നവരുടെ ദുരവസ്ഥ നേരിട്ട് കണ്ട് ബോധ്യപ്പെടുകയും ശ്രീ.തോമസിന് നോട്ടീസും നൽകിയിരുന്നു. തുടർന്ന് ടി ഫാമിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് 21.07.2020 ലെ എ8/3/2020 പ്രകാരവും തുടർന്ന് 07.08.2020 ലും പഞ്ചായത്ത് നോട്ടീസ് നൽകിയെങ്കിലും ടിയാൻ ആയതിനെ അവഗണിച്ച് മുന്നോട്ട് പോവുകയാണ്. ടി ചിക്കൻ സെന്റർ അടച്ച് പൂട്ടുന്നത് സംബന്ധിച്ച് പ്രഥമ പരാതിക്കാരനും, ചിക്കൻ സെന്റർ നടത്തിപ്പുക്കാരനും തമ്മിൽ കൊടുങ്ങല്ലൂർ മുൻസിഫ് കോടതിയിൽ OS 807/2020 നമ്പർ കേസ് നിലവിൽ ഉള്ളതിനാലും, കേരള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ റിപ്പോർട്ട് ലഭിക്കാതിരുന്നതിനാലും പഞ്ചായത്ത് ടി ഫാം അടച്ച് പൂട്ടുന്നതിന് നേരിട്ടുള്ള നടപടികൾ സ്വീകരിച്ചിരുന്നില്ല. എന്നാൽ കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് ടി ചിക്കൻ സെന്ററിനെതിരെ 14.01.2021 തീയതിയിലെ PCB/TSR/COM/KDLR/186/14 പ്രകാരം റിപ്പോർട്ട് നൽകിയ സാഹചര്യത്തിൽ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ അനധികൃതമായി പ്രവർത്തിക്കുന്ന അലാവുദ്ദീൻ ചിക്കൻ സെന്റർ എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടത്.

## 1-31 ലൈസൻസ് ഇല്ലാതെ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്ററും, ഡി &ഒ രജിസ്റ്ററും പരിശോധിച്ചതിൽ രജിസ്ട്രേഷൻ ഫീസ് അടവാക്കിയിട്ടുള്ള ചുവടെ പട്ടികയിൽ പറഞ്ഞിരിക്കുന്ന ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2020-21 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

| ക്രമ നം. | സ്ഥാപനത്തിൻറെ പേര് |
|---|---|
| 1. | സുപ്രീം ഡെന്റൽ ക്ലിനിക് |
| 2. | ക്രസന്റ് മൾട്ടി സ്പെഷ്യലിറ്റി ഡെന്റൽ കെയർ |
| 3. | അതിഥി ക്ലിനിക് |
| 4. | റിൻ ലാബ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.58/20-21 തീയതി:18.10.2021) പ്രസ്തുത സ്ഥാപനങ്ങളെ ഡി&ഒ ലൈസൻസ് എടുപ്പിക്കാനുള്ള നടപടി ആരംഭിച്ചുവെന്നും, പിഴ അടക്കം തുക അടപ്പിക്കാമെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. ആയതിനാൽ രജിസ്ട്രേഷൻ ഫീസ് അടവാക്കുന്ന ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ പഞ്ചായത്ത് ലൈസൻസ് നേടിയാണോ പ്രവർത്തിക്കുന്നത് എന്നതിൽ സൂക്ഷ്മത പുലർത്തേണ്ടതാണ്.

## 1-32 പൊതുടാപ്പുകൾ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

പഞ്ചായത്തിൽ നിലവിലുള്ള പൊതുടാപ്പുകളുടെ കരമടവാക്കിയ ഇനത്തിൽ തൻവർഷം (1858500) പതിനെട്ട് ലക്ഷത്തി അമ്പത്തിയെണ്ണായിരത്തി അഞ്ഞൂറ് രൂപയുടെ ചെലവുണ്ടായിട്ടുണ്ട്. നിലവിലുള്ള പൊതുടാപ്പുകളുടെ എണ്ണത്തെ കുറിച്ച് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ലായെന്നും ആയതിന് പല തവണ അറിയിപ്പ് നൽ കിയിട്ടുണ്ടെന്നുമാണ്, ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 41/16.10.21ന് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. തനത് ഫണ്ടിൽ നിന്ന് വലിയ തുകയുടെ ചെലവ് വരുന്ന സാഹചര്യത്തിൽ 30/5/2009 ലെ സ.ഉ.(സാധാ)നം.1275/2009/തസ്വഭവ 2.1 പ്രകാരമുള്ള സംയുക്ത പരിശോധന നടപടികൾ പൂർത്തിയാക്കി നിലവിലുള്ള ടാപ്പുകൾക്ക് മാത്രമേ കരമടവാക്കുന്നുള്ളൂയെന്നുറപ്പുവരുത്തേണ്ടതുമാണ്.

## 1-33 ലോഗ് ബുക്ക് പരിപാലനം-അപാകതകൾ

പഞ്ചായത്തിന്റെ ഉപയോഗത്തിലിരിക്കുന്ന കെ.എൽ 47 -ജി-2814 ബൊലറൊ ജീപ്പിന്റെ ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ. ഫ്യൂവൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. തന്മൂലം ഇന്ധനം നിറക്കുന്നത് ചട്ടപ്രകാരം ഫുൾടാങ്ക് കപ്പാസിറ്റിയിലാണെന്നും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 19-7-21 തിയ്യതിയിലെ D-1/KL/G -2814/197/202 സാക്ഷ്യപത്രം പ്രകാരമുള്ള ഇന്ധന ക്ഷമത വാഹനത്തിന് ലഭ്യമാകുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല

2)വാഹനത്തിന്റെ ഇന്ധന ഉപയോഗം, ആകെ ഓടിയ ദൂരം തുടങ്ങിയവ സംബന്ധിച്ച പ്രതിമാസ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3) അറ്റകുറ്റ പണികളെ കുറിച്ചുള്ള വിവരങ്ങൾ ലോഗ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തിയിട്ടില്ല. മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് സർക്കുലർ നം. 41/2008/ധന/.02.08.2008 പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ലോഗ്ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-34 ലീഗൽ ചാർജ്ജസ്- സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

പഞ്ചായത്തിൽ തൻ വർഷത്തിൽ വിവിധ കേസുകളിലായി വക്കീൽ ഫീസിനത്തിൽ നാലായിരത്തി അഞ്ഞൂറ് രൂപ നൽകിയിട്ടുണ്ട്, എന്നാൽ ടി വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി കാണുന്നില്ല. കോടതി വ്യവഹാരങ്ങളെ സംബന്ധിച്ച സുപ്രധാന രേഖയായതിനാൽ കേസിന്റെ സീരിയൽ നമ്പർ, ഫയൽനമ്പർ, സ്യൂട്ട് നമ്പർ, കോടതി, അഡ്വക്കേറ്റിന്റെ വിവരങ്ങൾ, കേസിന്റെ സ്വഭാവം, കേസിന്റെ പുരോഗതി, ജഡ്ജ്മെന്റ് വിവരങ്ങൾ, അപ്പീൽ വിവരങ്ങൾ, ഫീസ് നൽകിയതിന്റെ വിവരങ്ങൾ, ആദായ നികുതി വിവരങ്ങൾ തീർപ്പാകാതെ അവശേഷിക്കുന്ന കേസുകളുടെ വിവരങ്ങൾ മുതലായവ രേഖപ്പെടുത്തി സ്യൂട്ട് രജിസ്റ്റർ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-35 സ്റ്റാമ്പ് വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടില്ല.

വൗച്ചർ നം.22000400/24.08.20 പ്രകാരം 15000/- രൂപയുടെ സ്റ്റാമ്പ് വാങ്ങിയിട്ടുണ്ടെങ്കിലും ആയത് സ്റ്റോക്കിലെടുത്തിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് 55/18.10.21 പ്രകാരം എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റാമ്പിന്റെ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാക്കുന്നതുവരെ ചെലവ് തുക 15000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 മഴക്കാല പൂർവ്വ ശുചീകരണം-ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനത്തിനായി മെഡിക്കൽ ഓഫീസർ പി.എച്ച്.സി.യ്ക്ക് 2020-21 വർഷം 300000/- രൂപ വൗച്ചർ നം. 22000102/ 05.05.2020 പ്രകാരം അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അഡ്വാൻസ് തുക ക്രമീകരിച്ചതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മേൽ പ്രകാരമുള്ള രേഖകൾ ഹാജരാക്കുന്നതു വരെ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ -37/16.10.21)

## 1-37 എസ്.എസ്.എ. വിഹിതമിനത്തിൽ നൽകിയ തുകയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല.

നിർവ്വഹണോദ്യോഗസ്ഥൻ -ഹെഡ്മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ

എ)എസ്.എസ്.എ -(എസ്.സി) വിഹിതം .

വൗച്ചർ നം. 22000658/27.10.20

പ്രോജക്റ്റ് നം.18/21

സാമ്പത്തിക വർഷം എസ്.എസ്.എ – (എസ്.സി) വിഹിതമിനത്തിൽ 400000/- രൂപ എസ്.എസ്.എ ക്ക് കൈമാറിയിട്ടുണ്ട്.

ബി) എസ്.എസ്.എ (ജനറൽ)

പ്രോജക്റ്റ് നം.12/21

വൗച്ചർ നം. 22000657/27.10.20

എസ്.എസ്.എ (ജനറൽ) വിഭാഗത്തിൽ 200000/- രൂപ എസ്.എസ്.എ ക്ക് കൈമാറിയിട്ടുണ്ട്.

മേൽ പ്രകാരം നൽകിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

## 1-38 പോത്ത് കുട്ടി വളർത്തൽ - പദ്ധതി നടത്തിപ്പിൽ പോരായ്മകൾ.

പദ്ധതി നമ്പർ - 177/20-21

പോത്ത് കുട്ടി വളർത്തൽ (പട്ടിക ജാതി)

നിർവ്വഹണോദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

അടങ്കൽ -13,50,000

ചെലവ് -75,000.

വെറ്ററിനറി സർജൻ നടപ്പാക്കിയ പോത്ത് കുട്ടി വളർത്തൽ പദ്ധതി പ്രകാരം 13,50,000 രൂപ വകയിരുത്തിയതിൽ പത്ത് ഗുണഭോക്താക്കൾക്കായി 7,500 രൂപ വീതം കേവലം 75,000 രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.30/13.10.21ന് വൈകി കിട്ടിയ അനുമതി കാരണം കൂടുതൽ ഗുണഭോക്താക്കളെ വേണ്ട രീതിയിൽ

തെരഞ്ഞെടുക്കുന്നതിനുള്ള സാവകാശം ലഭിച്ചില്ലായെന്നാണ് മറുപടി ലഭ്യമാക്കിയത്. ഗുണമേന്മയുള്ള മാംസത്തിന്റെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടുകയെന്നതാണ് ഇത്തരം പ്രോജക്ടുകൾകൊണ്ട് ലക്ഷ്യമാക്കുന്നത്, കഴിയുന്നതും മുഖ്യതൊഴിലായോ ഉപതൊഴിലായോ മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്തി ലാഭകരമായ ഇത്തരം പ്രവർത്തികൾ ഏറ്റെടുക്കുന്നതിന് പ്രോൽസാഹനം നൽകണം. മുൻ വർഷങ്ങളിലും ടി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും നടപ്പാക്കുകയുണ്ടായില്ല, ഈ സാഹചര്യത്തിൽ വരും വർഷങ്ങളിൽ പൊതു വിഭാഗത്തിനും ടി പദ്ധതി ആസൂത്രണം ചെയ്യേണ്ടതി ന്റെ സാധ്യതകൾ പരിശോധിക്കപ്പെടേണ്ടതാണ്.

## 1-39 വിനിയോഗവിവരം ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പ്രോജക്ടുകൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റിന്റെ പേര്, നമ്പർ | വൗച്ചർ നമ്പർ / തിയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ABC പ്രോഗ്രാമിന് തുക കൈമാറൽ, 122/21 | 22001077/ 08.03.21 | 210000/- | 100 നായ്ക്കൾക്ക് വേണ്ടി കുടുംബശ്രീ ജില്ലാമിഷൻ, തൃശ്ശൂരിന് നൽകി. വിനിയോഗവിവരം ലഭ്യമല്ല |
| 2 | IKM ന് വിഹിതം നൽകൽ, 06/21 | 22001115/ 02.03.21 | 91143/- | IKM വിഹിതം എക്സിക്യൂട്ടീവ് ഡയറക്ടർ, IKMന് നൽകി. വിനിയോഗവിവരം എന്നിവ ലഭ്യമല്ല |
| | | | 301143 | |

മേൽ പ്രകാരം ചെലവഴിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.9/ 11.102021)

## 1-40 കുഴിച്ചെടുത്ത മണ്ണ് ഫില്ലിങ്ങിനായി ഉപയോഗിച്ചില്ല, നഷ്ടം 12873 രൂപ

പ്രൊജക്റ്റ് നം.100/21 കുട്ടികൃഷ്ണൻ നായർ കൗമുദിയമ്മ റോഡ് റിനൊവേഷൻ എന്ന പ്രവൃത്തിയുടെ ഇനം ഒന്ന് പ്രകാരം 52.1215 $M^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ടെങ്കിലും ആയത് എന്തിന് വേണ്ടി ഉപയോഗിച്ചു എന്ന് അളവുപുസ്തകം 58/19-20 ൽ രേഖപ്പെടുത്തിയിട്ടില്ല. ഈ പ്രവൃത്തിയുടെ ഇനം അഞ്ച് പ്രകാരം പുറമെ നിന്ന് 30.15 $M^3$ മണ്ണ് കൊണ്ട് വന്ന് ഫില്ലിങ് നടത്തിയതിന് കരാറുകാരന് 427/$m^3$ പ്രകാരം 12873/- രൂപ നൽകിയിട്ടുണ്ട്.

കുഴിച്ചെടുത്ത മണ്ണ് ഫില്ലിങിന് ഉപയോഗിക്കാമായിരുന്നതുകൊണ്ട് പുറമെ നിന്ന് മണ്ണ് കൊണ്ടുവരേണ്ട ആവശ്യമുണ്ടായിരുന്നില്ല. ആയതിനാൽ തന്നെ ഈ പ്രവൃത്തിയിൽ 12873/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ പ്രൊജക്റ്റ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| അടങ്കൽ | 620000/- |
| ഫണ്ട് | CFC |
| കരാറുകാരൻ | എം.ഡി. സന്തോഷ് |
| കരാർ | 58/AE/LSGD /KPM/17.08.18 |
| ബിൽ നം, തുക | 6/10.8.20, 74521/- 42/13.2.21, 375622/- |

മേൽ പ്രകാരം നഷ്ടമായ തുക 12873/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എൻജിനീയറിൽ നിന്നോ ഈടാക്കി ഗ്രാമപഞ്ചായത്തുഫണ്ടിലടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 16/ 12.10.2021)

## 1-41 കരാറുകാരൻ കരാറിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല

താഴെ കൊടുക്കുന്ന പ്രൊജക്ടുകൾ പ്രകാരം അസിസ്റ്റന്റ് എൻജിനീയർ നിർവഹിച്ച പ്രവൃത്തികളുടെ കരാറിൽ കരാറുകാർ ഒപ്പിട്ടിട്ടില്ല എന്ന് കാണുകയുണ്ടായി.

| ക്രമനം | പ്രൊജക്റ്റ് നം | പ്രവൃത്തി | കരാറുകാരൻ | ബിൽ നം/ തുക |
|---|---|---|---|---|
| 1 | 58/21 | നേതാജി റോഡിൽ കാന | എം.ഡി.സന്തോഷ്, 30/AE/LSGD | 53/30.3.21, 452200/- |

| | | | | |
|---|---|---|---|---|
| | | | /KPM/23.2.21 | 58/30.3.21, 10428/- |
| 2 | 61/21 | കോഴിത്തുമ്പ് ലിങ്ക് റോഡ് റീടാറിങ് | എം.ഡി. സന്തോഷ് 9/AE/LSGD /KPM/22.10.20 | 27/10.4.21, 66765/- |
| 3 | 135/21 | പനമ്പിക്കുന്ന ചളിങ്ങാട് റോഡ് റീടാറിങ് | എം.എം.ഹാഷിം, 15/AE/LSGD /KPM/20.8.19 | 22/17.2.21, 621798/- |

കരാറുകാർ കരാറുകളിൽ ഒപ്പിടാത്ത സംഗതികളിൽ അവർ പ്രവൃത്തി നിർവഹിക്കാതിരുന്നാൽ അപ്രകാരമുള്ള കൃത്യവിലോപത്തിന് അവരുടെ മേൽ കുറ്റം ആരോപിക്കുവാൻ കഴിയുകയില്ല. ആയതിനാൽ കരാർ ചമക്കുന്ന സംഗതികളിൽ വേണ്ടത്ര ശ്രദ്ധയോടെയും ശുഷ്കാന്തിയോടും കൂടി നടപടിക്രമം പാലിക്കേണ്ടതാണ്.

## 1-42 കുഴിച്ചെടുത്ത മണ്ണ് എന്ത് ചെയ്തു എന്ന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല

താഴെ കൊടുക്കുന്ന പ്രൊജക്റ്റുകൾ പ്രകാരം മണ്ണ് കുഴിച്ചെടുത്തിട്ടുണ്ടെങ്കിലും ആയത് എന്തു ചെയ്തു എന്ന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമനം | പ്രൊജക്റ്റ് നം/ അടങ്കൽ/ഫണ്ട് | പ്രവൃത്തി | കരാറുകാരൻ/ കരാർ/ അളവു പുസ്തകം | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് | ബിൽ നം / തുക |
|---|---|---|---|---|---|
| 1 | 156/20. തുക- 131000/- സംരക്ഷണഗ്രാന്റ് റോഡ് | എസ്.എൻ.റോഡിൽ കാന | ടി.കെ.ലവൻ 66/AE/LSGD/ KPM/13/11/18 53/18-19 | 24.24 $M^3$ | 13/10.7.20, 128550/- |
| 2 | 1655/20, തുക- 21800/-. റോഡ് സംരക്ഷണ ഗ്രാന്റ് | ഫാറൂക്ക് റോഡിൽ കാന | ടി.കെ.ലവൻ, 65/AE/LSGD/ KPM/13/11/18 51/18-19 | 14.50 $M^3$ | 14/10.7.20, 175420/- |
| 3 | 133/21, തുക- 75000/-, റോഡ് സംരക്ഷണ ഗ്രാന്റ് | നേതാജി റോഡിൽ റീടാറിങ്, കാന | ടി.കെ.ലവൻ, 30/AE/LSGD/ KPM/1/7/20 | 60.88 $M^3$ | 40/29.3.21, 746022/- |
| 4 | 58/21, തുക-490000/- റോഡ് സംരക്ഷണ ഗ്രാന്റ് | നേതാജി സുഭാഷ് റോഡിൽ കാന | എം.ഡി.സന്തോഷ്, 30/AE/LSGD/ KPM/23/2/21 86/20-21 | 83.44 $M^3$ | 53/30.3.21, 462200/- 58/30.3.21, 10428/- |
| 5 | 100/21, തുക-620000/-, റോഡ് സംരക്ഷണ ഗ്രാന്റ് | കുട്ടികൃഷ്ണൻനായർ കൗമുദിയമ്മ റോഡ് റിനൊവേഷൻ | എം.ഡി.സന്തോഷ്. 58/AE/LSGD/ KPM/17/8/18 58/19-20 | 52.125 $M^3$ | 6/16.8.20, 74821/- |

കാന നിർമ്മാണം റോഡ് പുനരുദ്ധാരണം എന്നിവയുമായി ബന്ധപ്പെട്ട് കുഴിച്ചെടുക്കുന്ന മണ്ണ് ലേല നടപടിയ്ക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കേണ്ടതായിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ചെയ്യേണ്ടിയിരുന്നത്. എന്നാൽ അപ്രകാരം നടപടികൾ സ്വീകരിച്ചതിന്റെ വിവരം ഫയലിലില്ല.
(ഓഡിറ്റ് എൻക്വയറി നമ്പർ 15/12.10.21)

ആയതിനാൽ കുഴിച്ചെടുത്ത മണ്ണിന്റെ നിലവിലുള്ള സ്ഥിതി എന്തെന്ന് വ്യക്തമാക്കേണ്ടതും ആയത് എത്രയും വേഗം ലേലം ചെയ്ത് തുക ഗ്രാമപഞ്ചായത്തുഫണ്ടിൽ മുതൽക്കൂട്ടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-43 പഞ്ചായത്തിന് ലഭിക്കുന്ന സേവനങ്ങൾക്ക് നിയമവിരുദ്ധമായി ജി.എസ്.ടി നൽകി- 25631/-തടസ്സപ്പെടുത്തുന്നു

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീയ്യതി 27/6/17പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര

ജി.എസ്.ടി,സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. ("(Pure Services (Excluding Works Contract Service OrAA Other Composite Supplies Involving Supply Of Any Goods) Provided To The Central Government, State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution"). ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (III) പ്രകാരം Minor Irrigation, Water Management And Watershed Development എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു. അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്ടിൽ പഞ്ചായത്ത് ജി.എസ്.ടി നല്കുന്നു. ഫയൽ, എംബുക്ക് എന്നിവ പരിശോധിച്ചതിൽ അറപ്പത്തോടുകളിൽ നിന്നും മണ്ണ് നീക്കം ചെയ്ത് ദൂരെ നിക്ഷേപിച്ച് തോട്ടിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവർത്തിയ്ക്ക് ജി.എസ്.ടി നൽകിക്കാണുന്നു. മുകളിൽ സൂചിപ്പിച്ച ഉത്തരവുകൾ പ്രകാരം പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട സേവന ലഭ്യതക്കാണ് കരാറുകാരന് കേന്ദ്ര ജി.എസ്.ടി,സംസ്ഥാന ജി.എസ്.ടി തുക ചേർത്ത് ബില്ല് നല്കിയിരിക്കുന്നത്.വിശദ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| ക്രമ.നം. | പദ്ധതി നമ്പർ /പേര്/ കരാറുകാരൻ | എം.ബി നം. | ആകെ പ്രവർത്തി മൂല്യം | GST 5% | GST ഉൾപ്പെടെ ആകെ തുക | ബിൽ നം/ തുക |
|---|---|---|---|---|---|---|
| 1. | 143/21, ജലരക്ഷ ജീവരക്ഷ- അഷീഷ കാസിം | 97/20-21 | 512613/- | 25631/- | 538244/- | 48/30.3.21, 438244/- 52/30.3.21, 100000/- |

മേൽ പ്രകാരം 25631/-രൂപ ജി എസ് ടി ഇനത്തിൽ കൂടുതലായി കരാറുകാരന് നല്കിയതായി കാണുന്നു. ഗ്രാമപഞ്ചായത്തിലെ വിവിധ പദ്ധതിപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമായിരുന്ന തുകയാണ് ഇപ്രകാരം തെറ്റായ രീതിയിൽ കരാറുകാരന്റെ കൈവശവും തുടർന്ന് സർക്കാരിന്റെ കൈവശവും വന്നുചേരുന്നത്. ഈ അപാകത സംഭവിക്കാനുണ്ടായതിന്റെ കാരണം വിശദീകരിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകത സംഭവിക്കാതിരിക്കാൻ പ്രത്യേകശ്രദ്ധ ചെലുത്തേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 18/ 12.10.2021). വിശദീകരണത്തിന്റെ അഭാവത്തിൽ അധികം നല്കിയ 25631/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-44 ജലരക്ഷ ജീവരക്ഷ പ്രൊജക്ട്-കഴിച്ചെടുത്ത മണ്ണിന്റെ അളവ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്താത്തതും തുടർനടപടിക്ക് ശുപാർശ ചെയ്യാത്തതും ശരിയായ നടപടിയല്ല.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഈ പ്രൊജക്ട് സംബന്ധിച്ച പൊതുവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | 143/21 |
| അടങ്കൽ തുക | 100000/-(സി.എഫ്.സി. ഗ്രാന്റ്) 750000/-( ജില്ലാ പഞ്ചായത്ത് ഗ്രാന്റ്) |
| കരാറുകാരി | അഷീഷ കാസിം |
| കരാർ | 28/AE/LSGD/KPM/17/2/21 |
| അളവുപുസ്തകം | 97/20-21 |
| ബിൽ നമ്പർ/ തുക | 48/30.3.21, 438244/- 52/30.3.21, 100000/- |

ഗ്രാമപഞ്ചായത്തിലെ അറപ്പത്തോട്ടിലെ മണ്ണ് നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കി, വെള്ളക്കെട്ട് ഒഴിവാക്കുക എന്നതാണ് പ്രൊജക്ട് കൊണ്ട് ലക്ഷ്യമിട്ടത്. പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ സംഭവിച്ച അപാകതകൾ താഴെ കൊടുക്കുന്നു.

1. അറപ്പത്തോട് എവിടെ സ്ഥിതി ചെയ്യുന്നു എന്ന വിവരം എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഇല്ല.

2. ഈ പ്രവൃത്തിയുടെ ഇനം ഒന്ന് പ്രകാരം യന്ത്രം ഉപയോഗിച്ച് 432 മണിക്കൂർ തോട്ടിലെ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. എന്നാൽ എത്ര മീറ്റർ നീളം, വീതി, ആഴം, ആയതുപ്രകാരം കഴിച്ചെടുത്ത മണ്ണിന്റെ അളവ് എന്നിവ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം നീക്കം ചെയ്യുന്ന മണ്ണിന്റെ അളവ് രേഖപ്പെടുത്തി , ആയത്, അസി.എക്സി.എൻജിനീയറെക്കൊണ്ട് അളവുപരിശോധന നടത്തി, നടപടിക്രമം ആധികാരികമാക്കേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്യുകയുണ്ടായില്ല.

ഇപ്രകാരം നീക്കം ചെയ്യുന്ന മണ്ണിന്റെ അളവ് 1000 $M^3$ ന് മുകളിലാണെങ്കിൽ ആയത് 2013 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖണ്ഡിക 2213 അനുസരിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. മണ്ണിന്റെ വില നിർണയിക്കുന്നതിനായി പ്രവൃത്തി സംബന്ധിച്ച വിവരം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറെ അറിയിക്കേണ്ടതുമായിരുന്നു.

മോർഡ് സ്പെസിഫിക്കേഷൻ അനുസരിച്ച് 31.06 % കോസ്റ്റ് ഇന്റക്സ് ഉൾപ്പെടെ ഒരു $M^3$ മണ്ണിന് 209 രൂപ വില വരുന്നതാണ്.

3. മണ്ണ് കഴിച്ചെടുക്കുന്ന പ്രവൃത്തികളിൽ എത്ര മണ്ണ് ലഭിക്കുന്നുവോ ആ മണ്ണിന്റെ അളവെടുത്ത ശേഷം ലേലനടപടികൾക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ വിവരമറിയിക്കേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്യുകയുണ്ടായില്ല. ലഭ്യമാകുന്ന മണ്ണ് അട്ടിയിട്ട് എത്രയും വേഗം ലേലനടപടികൾ സ്വീകരിച്ചാലേ മഴ ,മോഷണം എന്നിവ മൂലം നഷ്ടമാകാതിരിക്കുകയുള്ളൂ. തോടിന്റെ പാർശ്വഭാഗങ്ങളിൽതന്നെ മണ്ണ് നിക്ഷേപിച്ചാൽ അത് ഒലിച്ചുപോയി വീണ്ടും നീരൊഴുക്ക് തടസ്സപ്പെടുന്നതാണ്.

അറപ്പത്തോട്ടിൽ നിന്ന് കഴിച്ചെടുത്ത മണ്ണിന്റെ അളവ് എത്രയെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്തെന്നും, അപാകതകൾ

സംഭവിക്കാനുണ്ടായതിന്റെ കാരണവും വിശദമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 19/ 12.10.2021)

## 1-45 പ്രൈസ് സോഫ്റ്റ് വെയറിൽ അധിക ഓവർഹെഡ് ചാർജ് തയ്യാറാക്കുന്നതുമൂലം അധികച്ചെലവ്

7/5/19 ലെ ത.സ്വ.ഭ. വകുപ്പിന്റെ സ.ഉ.(എം.എസ്)74/14 നമ്പർ ഉത്തരവിൽ 5% ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ത.സ്വ.ഭ.വകുപ്പ് സ്ഥാപനങ്ങളിലെ മരാമത്ത് പണികൾക്ക് വേണ്ടി PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളിൽ 10% ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. ഇതിൻമേൽ 10% കോൺട്രാക്ടറുടെ ലാഭം കൂടി ഉൾപ്പെടുത്തുമ്പോൾ കരാറുകാർക്ക് അധികതുക ലഭിക്കുന്നുണ്ട്. ഇക്കാര്യം ചീഫ് എൻജിനീയറുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## 1-46 കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

ബിറ്റുമിൻ, ഇമൽഷനുകൾ എന്നിവ ആവശ്യമായി വരുന്ന റോഡ് പ്രവൃത്തികളിൽ നിലവിലുള്ള സ്പെസിഫിക്കേഷൻ പ്രകാരം പാക്കഡ് ബിറ്റുമിൻ ആണ് ഉപയോഗിക്കുന്നത്. ഇത്തരം സംഗതികളിൽ കാലി ബാരലിന്റെ വിലയായ 238/- രൂപയും അതിൻമേലുള്ള ചരക്കുസേവനനികുതിയും ഈടാക്കേണ്ടതാണെങ്കിലും അപ്രകാരം ഈടാക്കിയിട്ടില്ല. ആയത് കരാറുകാരിൽനിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 29/ 13.10.21)

## 1-47 ചമച്ചിട്ടുള്ള കരാറുകൾ കാലികമല്ല

2012ലെ കേരള പൊതുമരാമത്ത് മാന്വലിൽ അനുശാസിക്കുന്ന മാർഗനിർദേശങ്ങൾ പ്രകാരമല്ല ഗ്രാമപഞ്ചായത്തിൽ നിർവഹണോദ്യോഗസ്ഥൻ ആയ അസിസ്റ്റന്റ് എൻജിനീയർ കരാറുകാരുമായി ഉടമ്പടിയിൽ ഏർപ്പെട്ടിരിക്കുന്നത്. ഈ മാന്വലിലെ യാതൊരു മാനദണ്ഡവും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. കാലഹരണപ്പെട്ട കേരള ഡീറ്റയിൽഡ് സ്റ്റാന്റേഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള മാതൃകയിലാണ് കരാറുകൾ ചമക്കപ്പെട്ടിട്ടുള്ളത്. (കരാറിലെ നാലാം നിബന്ധന പ്രകാരം)

2012ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം നിശ്ചിത സമയപരിധിക്കകം , പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം ആദ്യ തവണ പ്രവൃത്തി കാലയളവിന്റെ 25% അല്ലെങ്കിൽ 6 മാസം സമയം ദീർഘിപ്പിച്ച് അനുവദിക്കാം. പിന്നീട് ഒരു തവണ കൂടി 25% സമയം ദീർഘിപ്പിച്ച് അനുവദിക്കാം. യാതൊരു കാരണവശാലും 50%ന് മുകളിൽ സമയം ദീർഘിപ്പിച്ച് അനുവദിക്കാൻ പാടില്ല. എന്നിരിക്കെ ഓഡിറ്റ് കാലയളവിൽ ചമച്ചിട്ടുള്ള കരാറുകളിൽ സമയം നീട്ടി അനുവദിക്കുന്നതിന് പരിധി നിശ്ചയിക്കാത്തത് നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.
2012ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ നിബന്ധനകൾ എല്ലാ തദ്ദേശ സ്വയം ഭരണ വകുപ്പ് സ്ഥാപനങ്ങൾക്കും ബാധകമായിട്ടുള്ളതിനാൽ ആയതിന് അനുസൃതമായ കരാറുടമ്പടികളിൽ ഏർപ്പെടുവാൻ ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനീയറും കരാറുകാരും ബാദ്ധ്യസ്ഥരാണെന്നിരിക്കെ കാലഹരണപ്പെട്ട മാതൃകയിലുള്ള കരാർ ഉടമ്പടി ചമച്ചതിന്റെ കാരണം വിശദമാക്കേണ്ടതും ഭാവിയിൽ കുറ്റമറ്റ രീതിയിൽ കരാറുകൾ ചമക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 44/ 16.10.2021)

## 1-48 മോണിറ്ററിങ് റിപ്പോർട്ട് ഫയലിലില്ല, വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടത്തിയതായി രേഖപ്പെടുത്തലുകളില്ല

13 ാം പദ്ധതി മാർഗരേഖയിലെ (സ.ഉ.(കൈ)11/18/ത.സ്വ.ഭ.വ.തിരുവനന്തപുരം തീയ്യതി 20/1/18 ) 13.1 ഖണ്ഡിക അനുസരിച്ച് അതാതു വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടത്തണമെന്ന് നിർദേശിക്കുന്നുണ്ട്. പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് ഗ്രൂപ്പ് ആയി പ്രവർത്തിക്കേണ്ടതും മോണിറ്ററിങ് റിപ്പോർട്ട് തയ്യാറാക്കി നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും സമർപ്പിക്കേണ്ടതുമാണ്. പക്ഷെ ഒരു മരാമത്ത് പ്രൊജക്ടിന്റെയും ഫയലിനൊപ്പവും മോണിറ്ററിങ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. മാത്രമല്ല, മോണിറ്ററിങ് നടത്തിയതിന്റെ വിവരം വർക്കിങ് ഗ്രൂപ്പ് മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല.

വർക്കിങ് ഗ്രൂപ്പുകൾ അവർക്ക് നിക്ഷിപ്തമായ ചുമതലകൾ ആധികാരികമായി നിർവഹിക്കുവാൻ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-49 പഞ്ചായത്ത് കുളങ്ങര റോഡ് റിനൊവേഷൻ-ഇന്റർലോക്കിങ് കട്ട വിരിച്ചത് ഇളകുന്നു

പ്രൊജക്ട് സംബന്ധിച്ച പൊതുവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | 173/21 |
| അടങ്കൽ | 1014000/- |
| ഫണ്ട് | വികസനഫണ്ട് ജനറൽ |
| കരാറുകാരൻ | എം.ഡി.സന്തോഷ് |
| കരാർ | 44/AE/LSGD/KPM/1/7/20 |
| അളവുപുസ്തകം | 81/19-20 |
| ബിൽ നമ്പർ/ തുക | 3/18.8.20, 1013614/- |

അസി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടാണ് പ്രസ്തുത പണി നടത്തിയത്.

ആസ്തി രജിസ്റ്റർ പ്രകാരം എണ്ണൂറ് മീറ്റർ നീളമുള്ള ഈ റോഡിന്റെ ആദ്യത്തെ 190 മീറ്റർ (സൈറ്റ് പ്ലാൻ പ്രകാരം ഗ്രാമപഞ്ചായത്ത്

കാര്യാലയത്തിന് മുന്നിലൂടെയാണ് റോഡ് കടന്നുപോകുന്നത്) ഇന്റർലോക്കിങ് കട്ട വിരിച്ച് റോഡിന്റെ ഗുണനിലവാരം വർധിപ്പിക്കാനാണ് പദ്ധതി കൊണ്ട് ഉദ്ദേശിച്ചിരുന്നത്. (അക്കാര്യം സാക്ഷ്യപ്പെടുത്താത്ത അടങ്കൽ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.)

പക്ഷെ നിലവിലുണ്ടായിരുന്ന റോഡ് ശരിയായി ലെവൽ ചെയ്യാതെ കട്ട വിരിച്ചതിനാൽ ഇന്റർലോക്കിങ് കട്ടകൾ ഇളകുന്നു. ചെയ്ത പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പുവരുത്താതെയാണ് റോഡിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുവാനായി ആവിഷ്കരിച്ച ഈ പ്രവൃത്തി നടപ്പാക്കിയത്. രണ്ട് വർഷം പിന്നിടുമ്പോഴേക്കും റോഡിന്റെ അവസ്ഥ ഇതാണെങ്കിൽ വരും വർഷങ്ങളിലെ സ്ഥിതി കൂടുതൽ പരിതാപകരമായിരിക്കും.

ആയതിനാൽ മുകളിൽ പരാമർശിച്ച അപാകത കുറ്റമറ്റ രീതിയിൽ പരിഹരിക്കാൻ കരാറുകാരനോട് ആവശ്യപ്പെടേണ്ടതും അപാകതകൾ കുറ്റമറ്റ രീതിയിൽ പരിഹരിക്കാത്തപക്ഷം കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 42/ 16.10.2021)

## 1-50 തൊഴിലുറപ്പുപദ്ധതി-പ്രവർത്തനവിവരം

തൻവർഷവും മുൻവർഷത്തെ പോലെ പ്രധാനമായും നടന്നത് ഭൂവികസനപ്രവർത്തനങ്ങളും നീർത്തടവികസനപ്രവർത്തനങ്ങളുമാണ്. ഇവക്കായി യഥാക്രമം 13750000/- രൂപയും 10454921/- രൂപയും ചെലവിട്ടു. വ്യക്തിഗത പ്രവൃത്തികൾക്കായി 3114000/- രൂപയും ചെലവിട്ടു. 533 കുടുംബങ്ങൾക്ക് നൂറ് ദിവസത്തെ തൊഴിൽ നൽകാൻ കഴിഞ്ഞു. തൻവർഷവും ആസ്തികളൊന്നും തന്നെ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ന്യൂനതയാണ്.

## 1-51 മരാമത്ത് പദ്ധതി പ്രവർത്തനവും പദ്ധതിച്ചെലവും

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ

തൻവർഷം 88 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 66(75%) പ്രൊജക്റ്റുകൾക്ക് വേണ്ടി തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. 53718965/- രൂപയുടെ അടങ്കൽ ആവിഷ്കരിച്ചതിൽ 35971917/- (66.96%) രൂപ ചെലവഴിച്ചിട്ടുണ്ട്. മുൻവർഷത്തെ അപേക്ഷിച്ച് പദ്ധതി പ്രവർത്തനത്തിൽ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും മൂന്നിൽ രണ്ട് ഭാഗം പ്രൊജക്റ്റുകൾക്കുവേണ്ടിയും ചെലവിന്റെ കാര്യത്തിൽ നാലിൽ മൂന്ന് ഭാഗം തുകയുമാണ് ചെലവഴിച്ചിട്ടുള്ളത്. ആവിഷ്കരിക്കുന്ന പ്രൊജക്റ്റുകൾക്ക് വേണ്ടി മുഴുവൻ തുകയും ചെലവഴിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-52 തൊഴിലുറപ്പുപദ്ധതി- പ്രവൃത്തികഴിഞ്ഞ് ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥൻ മസ്റ്റർ റോൾ കൈപ്പറ്റിയ വിവരം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മസ്റ്റർറോൾ നമ്പർ 2133 പ്രകാരം 29/6/20 മുതൽ 4/7/20 വരെ 190 പ്രവൃത്തി ദിനങ്ങൾ കൊണ്ട് തൊഴിലുറപ്പുപദ്ധതി മാർഗരേഖയിലെ ഖണ്ഡിക V ൽ പരാമർശിക്കുന്ന കുടുംബങ്ങളിൽ ഭൂവികസന പ്രവൃത്തി നടത്തി. ഈ മസ്റ്റർറോളിൽ പ്രവൃത്തി പൂർത്തീകരിച്ച ശേഷം ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥൻ കൈപ്പറ്റിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. ഈ മസ്റ്റർറോളിൽ പ്രവൃത്തിസ്ഥലം പരിശോധിച്ചത് സംബന്ധിച്ചുള്ള ഉദ്യോഗസ്ഥരുടെ വിവരവും രേഖപ്പെടുത്തിയിട്ടില്ല.

മേൽപ്രകാരം ആധികാരികമല്ലാത്തവിധം പ്രവൃത്തി രേഖകൾ സൂക്ഷിക്കുവാനുണ്ടായതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

## 1-53 വർക്കിങ് ഗ്രൂപ്പ് മിനിറ്റ്സ് ഹാജരാക്കിയിട്ടില്ല

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, വി.ഇ.ഒ എന്നിവർ ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ വർക്കിങ് ഗ്രൂപ്പ് മിനിറ്റ്സ് ഹാജരാക്കിയിട്ടില്ല. ആയത് എത്രയും വേഗം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-54 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ് .

സാമൂഹ്യ നീതി ഡയറക്റ്ററേറ്റിൽ നിന്നുള്ള ഐ.സി.ഡി.എസ്/3458/12 തീ.26-3-13 നം. കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser, Ministry Of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan, Chenna എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുംബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2020-21 വർഷത്തിൽ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് നൽകുന്നതിനായി ഓർജസ്, കാറളം എന്ന സ്ഥാപനത്തിൽ നിന്നുമാണ് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. സാമ്പിൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 22/12.10.2021)

## 1-55 വയോജനങ്ങൾക്ക് കട്ടിൽ വിതരണം:-അപാകത

താഴെ പറയുന്ന പദ്ധതികൾ പ്രകാരം Forest Industies (Trav.) Limited, Aluva എന്ന സ്ഥാപനം കട്ടിൽ വിതരണം നടത്തിയിട്ടുണ്ട്. ആയതിന്റെ വിശദവിവരവും അപാകതകളും താഴെ കൊടുക്കുന്നു. മറുപടി ലഭ്യമാക്കേണ്ടതാണ്.

| പദ്ധതി | വിതരണം നടത്തിയതിയ Invoice | സ്റ്റോക്ക് | ബിൽ /വൗച്ചർ നം/ തുക |
|---|---|---|---|

| | | | |
|---|---|---|---|
| നം. | നം./ എണ്ണത്തിന്റെ വിവരം | രജിസ്റ്റർ പ്രകാരം | |
| S0026/21 (2020-21) | 200/20-21/26.02.2021,202 എണ്ണം | 202 | 1.22001208/24.03.2021, 69600/-<br>2.22001218/27.03.2021, 6959/- |

സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 188 എണ്ണം മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. ബാക്കി 14 എണ്ണം വിതരണം നടത്തിയിട്ടില്ല. എൻക്വയറിയ്ക്കുള്ള മറുപടിയിൽ എത്രയും വേഗം വിതരണം നടത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വിതരണം നടത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം .23/12.10.2021)

## 1-56 വി.ഇ.ഒ.കൈപ്പമംഗലം (സർക്കിൾ) നടപ്പിലാക്കിയ പദ്ധതികൾ:-അപാകതകൾ

2020-21 വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2020-21 വർഷം പുതിയതായി നടപ്പിലാക്കിയ ലൈഫ് മിഷൻ പദ്ധതികളുടെ രജിസ്റ്ററുകൾ ലഭ്യമാക്കിയിട്ടില്ല.

2. ലൈഫ് മിഷൻ പദ്ധതികളുടെ അപേക്ഷകൾ പരിശോധിച്ചതിൽ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ലഭ്യമല്ല.
(ഓഡിറ്റ് എൻക്വയറി നം .39 /13.10.2021)
മേൽപറഞ്ഞ രേഖകൾ/രജിസ്റ്ററുകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-57 വി.ഇ.ഒ.കുരിക്കുഴി (സർക്കിൾ) നടപ്പിലാക്കിയ പദ്ധതികൾ:-അപാകതകൾ

2020-21 വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. മറുപടി ലഭ്യമാക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

1. വീട് വാസയോഗ്യമാക്കൽ (ജനറൽ) പദ്ധതി (നം.S0034/21) പ്രകാരം ആദ്യ ഗഡുക്കൾ (25000/-) കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| 1 | ഷെമീറ, കറപ്പംവീട്ടിൽ |
| 2 | ലയോണി, ഐക്കിരിയത്ത് |
| 3 | പി.കെ.ബീരാൻ, പുഴക്കരയില്ലത്ത്. |
| 4 | ഖദീജ ബീരാമു, പള്ളിപ്പറമ്പിൽ |
| 5 | സുഗറ, പുഴക്കരയില്ലത്ത്. |
| 6 | ദീപ മണിലാൽ, കുറ്റിക്കാട്ട് |
| 7 | നാരായണൻ.സി.കെ, ചോനിപ്പറമ്പിൽ |
| 8 | തങ്കകുട്ടൻ, വില്ലുപറമ്പിൽ |

2.വീട് വാസയോഗ്യമാക്കൽ (ജനറൽ) പദ്ധതി(നം.S0034/21) പ്രകാരം പണിപൂർത്തീകരിക്കുകയും 50000/- രൂപ കൈപ്പറ്റുകയും ചെയ്ത സുഷിത രാമൻ, പാണപറമ്പിൽ എന്ന ഗുണഭോക്താവിന്റെ ഫയലിൽ വാല്യുവേഷൻ സർട്ടിഫിക്കറ്റില്ല. വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം . 38/13.10.2021)

## 1-58 ജൽ ജീവൻ പദ്ധതി -പൂർത്തീകരണവിവരം ലഭ്യമല്ല.

പ്രോജക്റ്റ് നം.179/20-21

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

വൗച്ചർ നം. 22001168/24.03.21 -550000/-(ചെക്ക് നം.040026/24.03.21)

കയ്പമംഗലം ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലും പൈപ്പ് കണക്ഷൻ നൽകുന്നതിന്റെ ആദ്യഘട്ടത്തിന്റെ എസ്റ്റിമേറ്റ് (As Per Estimate Given By Assistant Engineer, KWA, PH Section, Mathilakam) 3700000/- രൂപയാണ്. ആദ്യഘട്ടത്തിന്റെ ഭാഗമായി 300 വീടുകളിലേക്ക് കണക്ഷൻ എടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് വിഹിതമായ 550000/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| കേന്ദ്ര ഗവൺമെന്റ് -45% | 1665000/- |
| കേരള ഗവൺമെന്റ് -30% | 1110000/- |
| ഗ്രാമപഞ്ചായത്ത് വിഹിതം-15% | 555000/- |
| ഗുണഭോക്തൃവിഹിതം -10% | 370000/- |
| ആകെ | 3700000/- |

അപാകതകൾ

1) കേരള വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരം 10% ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറുക മാത്രമാണ് ചെയ്തിട്ടുള്ളത്.

2) ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടവാക്കേണ്ടതും, ആയത് വാട്ടർ അതോറിറ്റിക്ക് കൈമാറേണ്ടതുമാണ്. എന്നാൽ ഗുണഭോക്തൃവിഹിതം അടവാക്കിയതിന്റെയോ, കൈമാറിയതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല.

3) 6 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

മേൽ പ്രവർത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽ പരാമർശത്തിന് എൻക്വയറി (എൻക്വയറി നം.10/12.10.21) നൽകിയതിന് മറുപടിയായി ടി പദ്ധതി പൂർത്തീകരിക്കുന്നത് 2025 വർഷത്തിലാണെന്നും, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ നൽകേണ്ട വിഹിതം കൈമാറുകയാണുണ്ടായതെന്നും, എഗ്രിമെന്റിന്റെ കാര്യത്തിൽ വ്യക്തത ഇല്ലാത്തതിനാലാണ് എഗ്രിമെന്റ് വെക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. അടുത്ത ഘട്ടത്തിൽ തുക കൈമാറുന്നതിന് മുൻപ് എഗ്രിമെന്റ് വെക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-59 കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് വർക്ക് -പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. 124/21
നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി
ചെലവഴിച്ച ഫണ്ട് – ധനകാര്യകമ്മീഷൻ ഗ്രാന്റ് തുക 2069052/-
വൗച്ചർ നം./ തുക – 22000677/11.11.20 – 1192588/-
വൗച്ചർ നം./ തുക- 22000676/11.11.20 -876464/-

കയ്പമംഗലം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് മേൽ പ്രോജക്റ്റ് പ്രകാരം പദ്ധതി വിഹിതത്തിൽ നിന്നും ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ 2069052/- രൂപ അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി .ക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല.

കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2267, 2100 കേരള പൊതുമരാമത്ത് ഡി കോഡ് ഖണ്ഡിക 167, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 194 എന്നിവ പ്രകാരം നിർദ്ദേശിച്ച രീതിയിൽ പണി പൂർത്തീകരിക്കുന്ന മുറക്ക് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് ചുമതലയുണ്ട്. കരാറില്ലാതെ കൈമാറിയ 2069052/ രൂപയുടെ പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 45 തീയതി 18/10/21)

## 1-60 ജി.എസ്.ടി (TDS) ഈടാക്കിയിട്ടില്ല.

എ) തെരുവ് വിളക്ക് മെയിന്റനൻസ്
(പ്രോജക്റ്റ് നം. 04/21)
വകയിരുത്തിയ ഫണ്ടിനം – ധനകാര്യകമ്മീഷൻ ഗ്രാന്റ്
വൗച്ചർ നം./ തിയതി/ തുക-22001254/19.03.21 -97035/-
വൗച്ചർ നം./തിയതി/ തുക-22000490/26.08.20 -85380
വൗച്ചർ നം./തിയതി/ തുക-22000370/25.07.20 -159385/-
വൗച്ചർ നം./തിയതി/ തുക-22000736/11.11.20 -90945/-
വൗച്ചർ നം./തിയതി/ തുക-22000801/11.11.20 -76130/-

വൗച്ചർ നം./തിയതി/തുക-22000189/10.05.20 -120940/-

മേൽ പ്രോജക്റ്റ് പ്രകാരം തൻവർഷം 508875/ രൂപയുടെ തെരുവ് വിളക്ക് സാമഗ്രികൾ (ഇൻവോയ്സ് നം./ തിയതി-20/19.05.20 തുക-159385/-, ഇൻവോയ്സ് നം./ തിയതി – 22/24.07.20 തുക-85380/-രൂപ, ഇൻവോയ്സ് നം./ തിയതി- 23/22.09.20 തുക-93870/-, ഇൻവോയ്സ് നം./ തിയതി – 28/12.11.20 തുക-76130/-, ഇൻവോയ്സ് നം. തി.30/17.03.21 തുക-97035/-) വാങ്ങിയതിന് ഫെയ്മസ് ഇലക്ട്രിക്കൽസ് &കോൺട്രാക്ടേഴ്സ്, മൂന്നുപീടിക എന്ന സ്ഥാപനത്തിന് 508875/ രൂപ നൽകിയിട്ടുണ്ട്. ടി സ്ഥാപനത്തിൽ നിന്നും 10178/- രൂപ GST TDS ഇനത്തിൽ ഈടാക്കേണ്ടതായിരുന്നു. എന്നാൽ GST ഇനത്തിൽ 2% ഈടാക്കിയിട്ടില്ല. പകരം 1% IT ആണ് ഈടാക്കിയിട്ടുള്ളത്.

ബി)തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങൽ-
പ്രോജക്റ്റ് നം. 5/21
വകയിരുത്തിയ തുക -600000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
വൗച്ചർ നം./ തുക-22000369/25.07.20 -335723/-
വൗച്ചർ നം./ തുക-22001141/15.03.21 -239300/-

മേൽ പ്രോജക്റ്റ് പ്രകാരം തൻവർഷം 575023/- രൂപയുടെ തെരുവ് വിളക്ക് സാമഗ്രികൾ (ഇൻവോയ്സ് നം. /തിയതി -89/15.12.20 തുക-239300/-, ഇൻവോയ്സ് നം./ തിയതി – 22/07.07.20 തുക- 335723/-രൂപ ) വാങ്ങുന്നതിന് നവഭാരത് ഏജൻസീസ്, പാലക്കാട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നും 1.5% ഇൻകംടാക്സിനത്തിൽ 8625/ രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഇൻകംടാക്സിനത്തിൽ 5751/-രൂപ കരാറെടുത്ത സ്ഥാപനത്തിൽ നിന്നും ഈടാക്കിയിട്ടുണ്ട്. GST TDS ഇനത്തിൽ 2% ഈടാക്കിയിട്ടില്ല.

## 1-61 തൊഴിലുറപ്പുപദ്ധതി-രേഖകൾ കുറ്റമറ്റ രീതിയിൽ പരിപാലിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പുപദ്ധതി സംബന്ധിച്ച ക്യാഷ് ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ 1/4/21 മുതൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല എന്ന് 51/18.10.21 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം സൂചിപ്പിച്ചതിനെ തുടർന്ന് 14/11/21 വരെ ക്യാഷ് ബുക്കും 2/11/21 വരെ ചെക്ക് ബുക്കും തയ്യാറാക്കി സമർപ്പിക്കുകയുണ്ടായി (ആയതിന്റെ കൃത്യത പരിശോധിച്ചിട്ടില്ല). മറ്റ് പരാമർശങ്ങൾ ചുവടെ കൊടുക്കുന്നു.

1.പല അളവുപുസ്തകങ്ങളിലും അക്രഡിറ്റഡ് എൻജിനീയർ അളവുപരിശോധന നടത്തി മൂല്യം സാക്ഷ്യപ്പെടുത്തിക്കാണുന്നില്ല.

2. മെമ്മോറാണ്ടം ഓഫ് പേമെന്റിൽ പദ്ധതിച്ചുമതലയുള്ള അസിസ്റ്റന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

3.മസ്റ്റർ റോൾ കൈപ്പറ്റ് രജിസ്റ്റർ വർക്ക് സൈറ്റിൽ നിന്ന് തിരികെ ലഭിച്ചത് 20/3/2020 വരെയേ എഴുതിച്ചേർത്തിട്ടുള്ളൂ. മസ്റ്റർ റോൾ പ്രോഗ്രാം ഓഫീസിൽ നിന്ന് ലഭിച്ച തീയ്യതി., ആയത് പ്രവൃത്തി കഴിഞ്ഞ് ഏറ്റുവാങ്ങുന്ന ഉദ്യോഗസ്ഥന്റെ പേര്, ഒപ്പ് എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

1/3/2021 ലെ ഓഫീസ് ഓർഡറിൽ തൊഴിലുറപ്പ് പദ്ധതി ജീവനക്കാരുടെ പ്രവർത്തനത്തിൽ അപാകതകളുള്ളതായി പരാമർശിച്ചിരുന്നു.

ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് അപാകതകൾ ആവർത്തിക്കാതിക്കാൻ ശ്രദ്ധിക്കുമെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുഴിച്ചെടുത്ത മണ്ണ് ഫില്ലിങിനായി ഉപയോഗിച്ചില്ല, നഷ്ടം 12873 രൂപ

പ്രൊജക്റ്റ് നം.100/21 കുട്ടികൃഷ്ണൻ നായർ കൗമുദിയമ്മ റോഡ് റിനൊവേഷൻ എന്ന പ്രവൃത്തിയുടെ ഇനം ഒന്ന് പ്രകാരം 52.1215 $M^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ടെങ്കിലും ആയത് എന്തിന് വേണ്ടി ഉപയോഗിച്ചു എന്ന് അളവുപുസ്തകം 58/19-20 ൽ രേഖപ്പെടുത്തിയിട്ടില്ല. ഈ പ്രവൃത്തിയുടെ ഇനം അഞ്ച് പ്രകാരം പുറമെ നിന്ന് 30.15 $M^3$ മണ്ണ് കൊണ്ട് വന്ന് ഫില്ലിങ് നടത്തിയതിന് കരാറുകാരന് 427/$m^3$ പ്രകാരം 12873/- രൂപ നൽകിയിട്ടുണ്ട്.

കുഴിച്ചെടുത്ത മണ്ണ് ഫില്ലിങിന് ഉപയോഗിക്കാമായിരുന്നതുകൊണ്ട് പുറമെ നിന്ന് മണ്ണ് കൊണ്ടുവരേണ്ട ആവശ്യമുണ്ടായിരുന്നില്ല. ആയതിനാൽ തന്നെ ഈ പ്രവൃത്തിയിൽ 12873/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ പ്രൊജക്റ്റ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| അടങ്കൽ | 620000 |
| ഫണ്ട് | CFC |
| കരാറുകാരൻ | എം.ഡി. സന്തോഷ് |
| കരാർ | 58/AE/LSGD /KPM/17/8/18 |
| ബിൽ നം ,തുക | 6/10.8.20, 74521/- 42/13.2.21, 375622/- |

മേൽ പ്രകാരം നഷ്ടമായ തുക 12873/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എൻജിനീയറിൽ നിന്നോ ഈടാക്കി ഗ്രാമപഞ്ചായത്തുഫണ്ടിലടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.16/ 12.10.2021)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 856600 | 400000 | കൊപ്രക്കളം റോഡ് | 0 | 1256600 |
| ജില്ലാ പഞ്ചായത്ത് | 166214 | 0 | --- | 0 | 166214 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | മുന്നിരിപ്പ് | വൗച്ചർ നം. / ചെക്ക്നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കലും, പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പ്രൊജക്റ്റ് നം - 124/21 | 0 | 22000677/ 11.11.20 22000676/ 11.11.20 | 1192588 876464 | 0 | 1192588 876464 |
| വാട്ടർ അതോറിറ്റി | ജൽ ജീവൻ മിഷൻ | 0 | 22001168/ 24.03.21 | 555000 | 0 | 555000 |
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ പ്രൊജക്റ്റ് നം - 09/20 | | 21900977/ 27.07.2019 | 119180 | 1188732 | 0 |

ACR എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തൻ വർഷത്തെ വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്നതുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഹഡ്കോ | | 540000 | 14268636 | 650922 | 13617714 |
| ഇ.എം.എസ് | | 9555737 | 1000975 | 1000975 | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 89037853 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 94646712 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12873 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 340631 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 12873 | സമീറ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-35 | 15000 | കെ.ബി.മുഹമ്മദ് റഫീക്ക്, സെക്രട്ടറി |
| 1-36 | 300000 | കെ.ബി.മുഹമ്മദ് റഫീക്ക്, സെക്രട്ടറി |
| 1-43 | 25631 | സോന.ഒ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 340631 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഖണ്ഡിക നമ്പർ | നിലവിലെ ഔദ്യോഗിക മേൽ വിലാസം | വിലാസം |
|---|---|---|
| 3-1 | സമീറ, അസിസ്റ്റന്റ് എഞ്ചിനീയർ | തരുപീടികയിൽ (H), ശാന്തിപുരം, കൊടുങ്ങല്ലൂർ |
| 1-35 | കെ.ബി.മുഹമ്മദ് റഫീക്ക്, സെക്രട്ടറി, മതിലകം ഗ്രാമപഞ്ചായത്ത് | കൊട്ടിക്കൽ ഹൌസ് പി.ഒ. അഴീക്കോട് |
| 1-36 | കെ.ബി.മുഹമ്മദ് റഫീക്ക്, സെക്രട്ടറി,മതിലകം ഗ്രാമപഞ്ചായത്ത് | കൊട്ടിക്കൽ ഹൌസ് പി.ഒ. അഴീക്കോട് |
| 1-43 | സോന.ഒ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ, പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് | കലവറപ്പറമ്പിൽ ഹൌസ് പി.ഒ. പടിയൂർ |

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 78-79 | എൽ.എഫ്.ടി. (പി3)-1721/13 /16.03.2014 | | തീർപ്പാക്കിയിട്ടില്ല |
| 79-80 | “ | | ” |
| 80-81 | “ | | ” |
| 81-82 | “ | | ” |
| 82-83 | “ | | ” |
| 86-87, 87- 88 | “ | 10 | |
| 88-89, 89-90 | “ | 2 | |
| 90-91 | “ | 2 | |
| 91-92 | “ | | തീർപ്പാക്കിയിട്ടില്ല |
| 92-93 | “ | | തീർപ്പാക്കിയിട്ടില്ല |
| 93-94 | “ | | തീർപ്പാക്കിയിട്ടില്ല |
| 94-95 | “ | | തീർപ്പാക്കിയിട്ടില്ല |
| 95-96 | “ | | തീർപ്പാക്കിയിട്ടില്ല |
| 96-97 | “ | 6 | |
| 97-98 വരെ | “ | | തീർപ്പാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| 97-98 ചെലവ് | " | 33 | |
| 98-99 വരവ് | " | 4 | |
| 98-99 ചെലവ് | " | 2 | |
| 99-2000 | " | 10 | |
| 2000-01 | " | 14 | |
| 2001-02 | എൽ.എഫ്.ടി12-648/08 /20/7/09 | | |
| 2002-03 | എൽ.എഫ്.ടി12-649/08 /20/7/09 | | |
| 2003-04 | എൽ.എഫ്.ടി12-190/09 /26/5/10 | | |
| 2004-05 | എൽ.എഫ്.ടി12-282/09 /20/08/10 | | |
| 2005-06 | എൽ.എഫ്.ടി12-1598/09 /20/1/11 | | |
| 2006-07 | എൽ.എഫ്.ടി12-1599/09 /20/01/11 | | |
| 2007-08 | എൽ.എഫ്.ടി13-1311/11 /24/11/11 | | |
| 2008-09 | എൽ.എഫ്.ടി.പി3-1312/12 /10/10/11 | | |
| 2009-10, 2010-11 | എൽ.എഫ്.ടി.പി3-29/13 /25/03/13 | | |
| 2011-12 | എൽ.എഫ്.ടി.പി3-1404/13 /15/01/14 | | |
| 2012-13 | എൽ.എഫ്.ടി.പി3-1246/13 /15/01/14 | | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (പി3)79/16/28.01.16/15.03.16 | | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ (പി3)920/16/20.06.16 /12.07.16 | | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ (പി3)1939/16/22.11.16 | | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ (പി3)1706/17/29.11.17/29.12.17 | | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ (പി3)1390/18/9.11.18/23.11.18 | | |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ (പി3)1057/19/29.08.2019 /13.12.2019 | | |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ (പി7)1515/21/18.03.2022 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്